**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 മാർച്ച് 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

71(*451) പ്രവാസികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മടങ്ങിയെത്തുന്ന പ്രവാസികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സാന്ത്വന പദ്ധതി, ചികിത്സാ ധനസഹായം എന്നിവയും നോർക്ക വകുപ്പ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM), പ്രവാസി ഭദ്രത, നോർക്ക അസിസ്റ്റഡ് &

മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) എന്നിവയും അപകടങ്ങളിൽ മാരകമായി പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും ധനസഹായം നൽകുന്നതിനായി പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസി, നോർക്ക എമർജൻസി റീപാട്രിയേഷൻ, നോർക്ക എമർജൻസി ആംബുലൻസ് സർവീസ്, മരണാനന്തര ധനസഹായം എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ സംബന്ധിച്ച് പ്രവാസികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും പദ്ധതികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ, ലഘുലേഖകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നതിനുപുറമെ സാമൂഹിക മാധ്യമങ്ങൾ വഴി പ്രവാസികളുമായി ആശയവിനിമയം നടത്തുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രചാരണം നൽകുന്നതിനുമുള്ള ശ്രമങ്ങൾ തുടർന്നുവരികയുമാണ്. NDPREM പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് 30 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും

നൽകിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2016 ഏപ്രിൽ മുതൽ 2025 മാർച്ച് 10 വരെ സബ്സിഡി ഇനത്തിൽ 106.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവാസി രക്ഷാ ഇൻഷ്വറൻസ് പോളിസിപ്രകാരം ഗുരുതര അസുഖങ്ങൾക്ക് ഒരു ലക്ഷം രൂപയും അപകട മരണത്തിന് രണ്ട് ലക്ഷം രൂപയും അപകടംമൂലമുള്ള വൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപയും പരിരക്ഷ നൽകിവരുന്നുണ്ടെന്നും 2021 മുതൽ 2025 ജനുവരി 10 വരെ 47749 പ്രവാസി കേരളീയർ ഈ ഇൻഷ്വറൻസ് സ്കീമിൽ അംഗത്വമെടുത്തിട്ടുണ്ടെന്നും സാന്ത്വന പദ്ധതി മുഖേന 17502 പ്രവാസി കുടുംബങ്ങൾക്ക് 106.48 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. വിദേശരാജ്യങ്ങളിൽ ആരോഗ്യ പ്രവർത്തകരെ റിക്രൂട്ട് ചെയ്യുന്ന പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി വിദേശ ഭാഷാ പഠനത്തിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ടെന്നും വീട്ടുജോലിക്കായി പോകുന്നവർക്കായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും അവർക്ക് വിദേശ എംബസിയുമായി ബന്ധപ്പെടുന്നതിന് സൗകര്യമൊരുക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണെന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ നൈപുണ്യവും അറിവും

വിനിയോഗിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

72(*452) <u>തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതന ഇനത്തിൽ കുടിശ്ശികയുള്ള 546.67 കോടി രൂപ ഉൾപ്പെടെ വേതന വിതരണം നടത്തി പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി, സെക്രട്ടറി എന്നിവർക്ക് കത്തുകൾ നൽകുകയും എംപവേർഡ് കമ്മിറ്റിയിൽ ടി വിഷയം ഉന്നയിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2024-25 വർഷത്തേയ്ക്ക് സംസ്ഥാനം സമർപ്പിച്ച 10.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബജറ്റ് പ്രൊപ്പോസലിൽ 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. ഡിമാന്റിന് അനുസൃതമായി തൊഴിൽ ദിനങ്ങൾ നൽകണമെന്ന വ്യവസ്ഥ നിലനിൽക്കെ ലേബർ ബജറ്റ് പുതുക്കി നൽകുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കാത്തത് വേതന കുടിശ്ശികയ്ക്ക് ഇടയാക്കിയിട്ടുണ്ട്. 2025-26 വർഷത്തേയ്ക്ക് ആവശ്യപ്പെട്ട 11 കോടി തൊഴിൽ

ദിനങ്ങളിൽ 5 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളതെങ്കിലും സംസ്ഥാനത്ത് നിലവിൽ 8.57 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾക്കുപുറമെ പൊതു കുളങ്ങളുടെ പുനരുദ്ധാരണം, കാർഷിക കുളങ്ങൾ, ഗ്രാമീണ റോഡുകൾ, സ്കൂളുകൾക്കുള്ള ശുചിമുറി/അടുക്കളകൾ/ചുറ്റുമതിലുകൾ/കളിസ്ഥലങ്ങൾ എന്നിവയും ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി 13795 സോക്ക് പിറ്റ്, 3878 കമ്പോസ്റ്റ് പിറ്റ് എന്നിവയും തൊഴിലുറപ്പ് പദ്ധതി മുഖേന നിർമ്മിച്ചിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളതെന്നും കുടിശ്ശിക ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എം.പി.-മാർ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ടെന്നും 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയവർക്ക് 1000/-രൂപ ഓണം അലവൻസായി നൽകിവരുന്നുണ്ടെന്നും ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ പട്ടികവർഗ മേഖലയിൽ 19 കോടിയോളം രൂപ അധികമായി ലഭ്യമാക്കിയിട്ടുണ്ടെന്നും ഇൻഡ്യയിൽ മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിവരുന്ന സംസ്ഥാനം കേരളമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

73(*453) തൃശ്ശൂർ പൂരം നടത്തിപ്പിന്റെ മുൻകരുതൽ നടപടികൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തൃശ്ശൂർ പൂരം ഭംഗിയായി നടത്തുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നതെന്നും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടെ ഉറപ്പുവരുത്തി കുറ്റമറ്റ രീതിയിൽ തൃശ്ശൂർ പൂരം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ടെന്നും ഇതിനായി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്രസർക്കാർ എക്സ്പ്ലോസീവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിലെ നിബന്ധനകൾ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി PESO Act പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വിവിധതലങ്ങളിൽ അവലോകന യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം തട്ടാതെ

വെടിക്കെട്ട്, ആന എഴുന്നെള്ളിപ്പ് എന്നിവ നിലവിലുള്ള നിയമങ്ങളും കോടതി ഉത്തരവുകളും പാലിച്ച് നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പൂരം എക്സിബിഷനുമായി ബന്ധപ്പെട്ട തറവാടക കുറയ്ക്കുന്നതിന് ദേവസ്വം ബോർഡിന് നിർദേശം നൽകിയിട്ടുണ്ടെന്നും തൃശ്ശൂർ പൂരത്തിന് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

74(*454) അളവുതൂക്കത്തിലെ കൃത്രിമം തടയാൻ നടപടി

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉപഭോക്തൃതാൽപര്യം സംരക്ഷിക്കുന്നതിനും അളവ് തൂക്കത്തിലെ കൃത്രിമം തടയുന്നതിനും ലീഗൽ മെട്രോളജി വകുപ്പ് വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 'ജാഗ്രത' പദ്ധതിയുടെ ഭാഗമായി 2024-ൽ പരിശോധന നടത്തിയ 20636 സ്ഥാപനങ്ങളിൽനിന്നും 59,99,000/- രൂപയും 'ക്ഷമത' പദ്ധതിയുടെ ഭാഗമായി പരിശോധിച്ച 1000 പെട്രോൾ പമ്പുകളിൽനിന്നും 73,500/- രൂപയും ഈടാക്കിയിട്ടുണ്ട്. ഓട്ടോറിക്ഷാ മീറ്റർ, ത്രാസ്സുകൾ

എന്നിവയിലെ കൃത്രിമം തടയുന്നതിന് മിന്നൽ പരിശോധന നടത്തുന്നതിനുപുറമെ യൂണീക് നമ്പരുള്ള സ്പെഷ്യൽ സീൽ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് താലൂക്കുകളിൽ നടപ്പാക്കുന്നതിനും എറണാകുളം സെൻട്രൽ ലാബിൽ വാട്ടർമീറ്റർ വെരിഫിക്കേഷനുള്ള സംവിധാനം ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. OTP സംവിധാനത്തിലൂടെ കാലിബ്രേഷൻ ഏർപ്പെടുത്തിയതുമൂലം പെട്രോൾ/ഡീസൽ പമ്പുകളിലെ കൃത്രിമം തടയാൻ സാധിക്കുകയും ആശുപത്രികളിലെ തെർമോമീറ്റർ, സ്ഫിഗ്മോമാനോമീറ്റർ എന്നിവയുടെ കാലിബ്രേഷന് എറണാകുളം ലീഗൽ മെട്രോളജി ഭവനിൽ ലാബ് സൗകര്യമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള 'Gold Assessing & Testing Laboratory'-ക്ക് NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. ഇലക്ട്രിസിറ്റി മീറ്ററിന്റെ വെരിഫിക്കേഷൻ 2011-ലെ ലീഗൽ മെട്രോളജി ജനറൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും പരിശോധനകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിൽ കൂടുതൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

75(*455) ഡി-ഡാഡ് സെന്ററുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗംമൂലം കുട്ടികളിലുണ്ടാകുന്ന ശാരീരികവും മാനസികവുമടക്കമുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെയും മാനസികാരോഗ്യ സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ/സൈബർ സെൽ എന്നിവയുടെയും സഹകരണത്തോടെ സംസ്ഥാനത്തെ ആറ് നഗരങ്ങളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ (ഡി-ഡാഡ്) ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, വൈകാരികവും വ്യക്തിപരവുമായ പ്രശ്നങ്ങൾ, പഠന പ്രശ്നങ്ങൾ, ശാരീരികമായ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് വിവരം നൽകുന്നതിനും പരാതികൾ അറിയിക്കുന്നതിനും കേരള പോലീസിന്റെ 'ചിരി' ഹെൽപ് ലൈൻ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നുണ്ട്. കുട്ടികളിലെ മൊബൈൽ അഡിക്ഷൻ ലെവൽ മനസ്സിലാക്കി ആവശ്യമായ കൗൺസിലിങ്, മാർഗനിർദേശം എന്നിവ നൽകുന്നതിന് മന:ശാസ്ത്ര വിദഗ്ധർ ഉൾപ്പെടെയുള്ളവരുടെ സേവനം ലഭ്യമാക്കിവരുന്നു. ഡിജിറ്റൽ അഡിക്ഷൻ

സ്വയം വിലയിരുത്തുന്നതിനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും സഹായിക്കുന്ന വെൽനെസ്സ് ആക്ടിവിറ്റി ആപ്പ് -കളെക്കുറിച്ചുള്ള അവബോധം, സ്മാർട്ട് ഫോൺ അഡിക്ഷൻ ടെസ്റ്റ്, ഇന്റർനെറ്റ് അഡിക്ഷൻ ടെസ്റ്റ്, ഡിജിറ്റൽ ഡി ടോക്സ് അവയർനെസ്സ് പ്രോഗ്രാമുകൾ, സൈബർ അവയർനെസ്സ് ക്യാമ്പയിനുകൾ, പാരന്റിങ് വർക്ക്ഷോപ്പുകൾ, കൗൺസലിങ് ആൻഡ് തെറാപ്പി സർവീസസ് എന്നിവയ്ക്കുപുറമെ വിവിധ ഇടങ്ങളിൽ എക്സിബിഷൻ സ്റ്റാളുകൾ സംഘടിപ്പിച്ച് ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. ഡി-ഡാഡ് സെന്ററുകൾ മുഖേന വ്യക്തിഗത/കുടുംബ കൗൺസിലിങ്ങിനുള്ള സൗകര്യം, സൈക്കോളജിക്കൽ ഇന്റർവെൻഷൻ, വിവിധ ചികിത്സാ പദ്ധതികൾ, വ്യത്യസ്തതയാർന്ന പ്രവർത്തനരീതികൾ, റിസോഴ്സ് സെന്ററുകൾ, പ്രത്യേക പരിശീലന പരിപാടികൾ, രക്ഷിതാക്കൾക്കും അധ്യാപകർക്കുമുള്ള മാർഗനിർദേശങ്ങൾ എന്നിവയ്ക്കും സൗകര്യമൊരുക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു.